Business Statistics പഠിച്ച ഉദ്യോഗാർത്ഥികളെക്കൂടി ടി തസ്തികയിലേക്ക് പരിഗണിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2/ കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് 2 തസ്തികയിലേക്കുള്ള യോഗ്യതയിൽ ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയമായി ബി.കോം യോഗ്യത നേടിയവരെക്കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

2015-16 സാമ്പത്തിക വർഷത്തേക്ക് കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിലെ പദ്ധതികൾക്ക് തുക അനുവദിക്കാൻ നടപടി

31 (3662) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ 2015-16 സാമ്പത്തിക വർഷത്തേക്കുള്ള പൊതു ബഡ്ജറ്റിൽ കേരളത്തിലെ പദ്ധതികൾക്ക് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ;

(ബി) നിവേദനം എപ്രകാരമാണ് തയ്യാറാക്കുന്നത്;

(സി) ഇതിനായി ആരൊക്കെയുമായി സർക്കാർ ചർച്ച നടത്താറുണ്ട് ; വിശദമാക്കുമോ ;

(ഡി) കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന്റെ അവകാശങ്ങൾ ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) കേന്ദ്ര സർക്കാരിന്റെ 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള പൊതു ബഡ്ജറ്റിൽ കേരളത്തിലെ പദ്ധതികൾക്ക് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം

32 (3663) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും വളരെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ, സിവിൽ സർവ്വീസ് പരീക്ഷകൾക്കുള്ള പരിശീലനത്തിന് ഒരു പരിശീലന കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly